Malappuram District Police

## 03.09.2017 നിലമ്പൂർ

ട്രെയിനിൽ കൊണ്ടുവരികയായിരുന്ന അഞ്ചേമുക്കാൽ കിലോ കഞ്ചാവുമായി കോട്ടയം ജില്ലക്കാരായ രണ്ട് യുവാക്കൾ നിലമ്പൂരിൽ പോലീസ് പിടിയിലായി. കൈപ്പുഴ ചെറുകര തെക്കേതിൽ അനന്തു (18), ആർപ്പൂക്കര സ്വദേശി ലിറ്റോ മാത്യു (18) എന്നിവരെയാണ് നിലമ്പൂർ പോലീസ് അറസ്റ്റ് ചെയ്തത്. ശനിയാഴ്ച രാവിലെ 9.30ന് നിലമ്പൂർ റെയിൽവേ സ്റ്റേഷനിൽ വെച്ചാണ് ഇവരെ പിടികൂടിയത്. കോട്ടയം ഭാഗത്തേക്ക് കൊണ്ടുപോകുന്നതിനായാണ് കഞ്ചാവ് എത്തിച്ചതെന്നാണ് ഇവർ പൊലീസിന് നൽകിയ മൊഴി. ഗൂഡല്ലൂരിൽ നിന്നാണ് കഞ്ചാവ് വാങ്ങിയത്. കേരളത്തിലേക്ക് ഇത്തരത്തിൽ കഞ്ചാവ് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട വിവരത്തെ തുടർന്ന് നടത്തിയ പരിശോധനയിലാണ് പ്രതികൾ പിടിയിലായത്.

നിലമ്പൂർ സി.ഐ കെ.എം. ബിജു, എസ്.ഐമാരായ ബിനു തോമസ്, പ്രദീപ് കുമാർ, സി.പി.ഒമാരായ ഷാഫി, സുജിൻ, രാജീവ്, ജിതിൻ, ജയരാജൻ, പ്രദീപ് എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്. പ്രതികളെ വടകര നാർക്കോട്ടിക് കോടതിയിൽ ഹാജരാക്കി.